**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - തിരുവനന്തപുരം നഗരസഭാ സെക്രട്ടറി ശ്രീമതി. ദീപ എൽ. എസ്. - നെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെട്ടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം. 1177/ 2020/ തസ്വഭവ. തീയതി,തിരുവനന്തപുരം, 17/ 06/ 2020.

---

പരാമർശം :- 1. തിരുവനന്തപുരം നഗരസഭാ സെക്രട്ടറി ശ്രീമതി. ദീപ എൽ. എസ്. ന് നൽകിയ 26.10.2017 തീയതിയിലെ തസ്വഭവ-ഇ.യു. 1/ 339/ 2017- ത.സ്വ.ഭ.വ. നമ്പർ കുറ്റപത്രം.

2. കുറ്റപത്രത്തിന് ശ്രീമതി. ദീപ എൽ. എസ്. സമർപ്പിച്ച 12.12.2017 തീയതിയിലെ പ്രതിവാദ പത്രിക.

3. നഗരകാര്യ ഡയറക്ടറുടെ 16.05.2018, 14.02.2019 എന്നീ തീയതികളിലെ വി. 1 35533/ 2017 നമ്പർ കത്തുകൾ.

**ഉത്തരവ്**

29/ 08/ 2017 തീയതിയിലെ 1517853/ ആർഎ / 2017 സർക്കാർ കത്ത് പ്രകാരം തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ റീസർവ്വേ നമ്പർ 51 ബ്ലോക്ക് നം.27-ൽപ്പെട്ട 10.90 ആർ സ്ഥലത്ത് നികുഞ്ജം കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ് പണിതുയർത്തിയ ബഹുനില വാസസമുച്ചയത്തിന് മൂന്ന് ദിവസത്തിനകം ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നല്കി വിവരം സർക്കാരിന് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നല്കിയിരുന്നു. എന്നാൽ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയ വിവരം സർക്കാരിൽ റിപ്പോർട്ട് ചെയ്യാൻ കാലതാമസം വരുത്തിയെന്ന് കണ്ടെത്തിയതിനെ തുടർന്ന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയായ ശ്രീമതി. ദീപ എൽ. എസ്. നെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം ഒന്ന് പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തിരുന്നു.

2. ശ്രീമതി. ദീപ എൽ. എസ്. പരാമർശം രണ്ട് പ്രകാരം സമർപ്പിച്ച

പ്രതിവാദ പത്രികയിൽ ശ്രീ.ലെഫ്രോയ് ജേക്കബ് എന്നയാളുടെ ഉടമസ്ഥതയിലുള്ളതും പട്ടം വില്ലേജിൽ സർവ്വേ നം.222/6-1, 222/2 എന്നിവയിൽ ഉൾപ്പെട്ടതുമായ സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിന് ചുവടെ ചേർക്കുന്ന പോരായ്മകൾ ഉള്ളതിനാലാണ് ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് നൽകാതിരുന്നതെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് തിരുവനന്തപുരം നഗരസഭയിൽ നിന്നും 16.08.2017 ൽ സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(i) കംപ്ലീഷൻ പ്ലാനിൽ ഇരു ചക്രവാഹനങ്ങളുടെ പാർക്കിംഗ് ഏരിയയിലേയ്ക്ക് കാണിച്ചിരുന്ന റാമ്പ് സ്ഥലത്ത് നൽകിയിരുന്നില്ല.

(ii) PCB consent to operate ഹാജരാക്കിയിട്ടില്ല.

(iii) തന്റെ അറിവോ സമ്മതമോ ഇല്ലാതെ തന്റെ വസ്തു കയ്യേറിയാണ് നികുഞ്ചം കൺസ്ട്രക്ഷൻ ചുറ്റുമതിൽ നിർമ്മിച്ചിരിക്കുന്നതെന്ന് കെട്ടിടത്തിന്റെ വടക്ക് വശത്തുള്ള വസ്തു ഉടമയായ ശ്രീമതി.ലീലാകുമാരി പരാതി നൽകിയതിനാലും അപേക്ഷകൻ ഹാജരാക്കിയ റീസർവ്വേ സ്കെച്ചിലെ അളവുകളും സ്ഥലത്ത് ലഭ്യമാകുന്ന അളവുകളുമായി പൊരുത്തപ്പെടാത്തതിനാലും റവന്യൂ അധികാരികളെ കൊണ്ട് അളന്ന് തിട്ടപ്പെടുത്തിയാൽ മാത്രമേ ഈ ഭാഗത്ത് ലഭിക്കുന്ന സെറ്റ് ബാക്ക് ( set back) സംബന്ധിച്ച് അന്തിമ തീരുമാനത്തിലെത്താൻ സാധിക്കുകയുള്ളൂ.

(iv) ശ്രീ.ലെഫ്രോയ് ജേക്കബ് എന്നയാളുടെ ഉടമസ്ഥതയിലുള്ളതും പട്ടം വില്ലേജിൽ സർവ്വേ നം.222/6-1, 222/2 എന്നിവയിൽ ഉൾപ്പെട്ടതുമായ സ്ഥലത്ത് കെട്ടിടം നിർമ്മിയ്ക്കുന്നതിന് 25/02/2014 ൽ അനുമതി നല്കുകയും ഈ അനുമതിയ്ക്ക് 24/02/2017 വരെ കാലാവധി ഉണ്ടായിരുന്നതുമാണ് . എന്നാൽ പെർമിറ്റിനു വിരുദ്ധമായി ടി വസ്തുവിൽ നിന്നും അനിയന്ത്രിതമായി മണ്ണ് എടുത്തതുമൂലം ടി വസ്തുവിന്റെ സമീപവാസിയായ ശ്രീമതി ലീലാകുമാരി സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ പെർമിറ്റ് റിവോക്ക് ചെയ്യുകയും പണി തുടരുകയും ചെയ്തിരുന്നു. ടി നിർമ്മാണത്തിൽ കെ.എം. ബി.ആർ. ചട്ട ലംഘനമുണ്ടെന്ന് കണ്ടെത്തിയതിനെ തുടർന്ന് 13.10.2016 തീയതിയിൽ പെർമിറ്റ് റദ്ദ് ചെയ്തിരുന്നു.

3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ.

അസി.എഞ്ചിനീയർ, ഓവർസിയർ എന്നിവർ 19/07/2017, 05/08/2017 എന്നീ തീയതികളിൽ സ്ഥലപരിശോധന നടത്തുകയും ആയത് പ്രകാരം ടി കെട്ടിടത്തിന്റെ വടക്ക് ഭാഗം അതിരിൽ നിന്നും ലഭ്യമാകുന്ന സെറ്റ് ബാക്കുകൾ KMBR 99, 24(12) 4(5+8) എന്നിവയുടെ ലംഘനമാണെന്നും 09/08/2017 സമർപ്പിച്ചിട്ടുള്ള കംപ്ലീഷൻ പ്ലാനിൽ ഒന്നാം നിലയിൽ നല്കിയിട്ടുള്ള ഇരുചക്രവാഹന പാർക്കിംഗിലേയ്ക്കുള്ള റാമ്പ് നിർമ്മിച്ചിട്ടില്ലായെന്ന് കണ്ടെത്തിയതിനെ തുടർന്നും പി സി.ബി. കൺസെന്റ് റ്റു ഓപ്പറേറ്റ് ( PCB consent to operate ) ലഭ്യമായിട്ടില്ലാത്തതിനാലും ഈ വിഷയത്തിൽ കോടതി കേസ് നിലനിൽക്കുന്നതിനാലും ആദ്യം ഒക്കുപ്പൻസി അനുവദിച്ച് നല്കിയിരുന്നില്ല.

4. 29.08.2017 ലെ 1517853/ആർ.എ 2/17/തസ്വഭവ നമ്പർ സർക്കാർ കത്ത് പ്രകാരം റാമ്പ് നിർമ്മിച്ചതായി അപേക്ഷകൻ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്ന് വിവരം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് 31.08.2017 ൽ തിരുവനന്തപുരം നഗരസഭാ സെക്രട്ടറി നിർദ്ദേശം നൽകുകയും അതിൻ പ്രകാരം 02.09.2017 ൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയതുമാണെന്നും എന്നാൽ പ്രസ്തുത വിവരം സർക്കാറിൽ റിപ്പോർട്ട് ചെയ്തത് 22.09.2017 ൽ മാത്രമാണെന്നും നഗരകാര്യ ഡയറക്ടർ പരാമർശം മൂന്ന് പ്രകാരം റിപ്പോർട്ട് ചെയ്തു.

5. 13/01/2017 തീയതിയിൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റിന് പരാതിക്കാരൻ അപേക്ഷ നല്കിയിരുന്നുവെങ്കിലും മേൽ കാരണങ്ങളാലും കോടതി വിധിയുടെ അന്തിമ തീരുമാനത്തിനുവേണ്ടി കാത്തതിനാലുമാണ് ആദ്യം ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നല്കാതിരുന്നതെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു.

6. 29/08/2017 തീയതിയിലെ 1517853/ആർഎ /2017 സർക്കാർ കത്ത് പ്രകാരം മൂന്ന് ദിവസത്തിനകം ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നല്കി വിവരം സർക്കാരിന് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നല്കിയിരുന്നു. ആയത് പ്രകാരം 02.09.2017 തീയതിയിൽ കോർപ്പറേഷനിൽ നിന്ന് ടി കെട്ടിടത്തിന് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അപേക്ഷകന് നൽകിയിട്ടുള്ളതും ആ വിവരം സർക്കാരിനെ അറിയിച്ചിട്ടുള്ളതാണെന്നും ശ്രീമതി. ദീപ എൽ. എസ്. റിപ്പോർട്ട് ചെയ്തു.

8. കെ.എം.ബി.ആർ.ചട്ടം 24 പ്രകാരം ഏതെങ്കിലും കെട്ടിടം

പണിയുകയോ പണി പൂർത്തിയാകുകയോ കെട്ടിടത്തിൽ ആൾ താമസിക്കുകയോ ഇതിലേതാണോ നേരത്തെ സംഭവിച്ചത് ആ തീയതി മുതൽ കെട്ടിടം അസസ്സ് ചെയ്ത് നൽകേണ്ടതും ടി കെട്ടിടത്തിന് പണി പൂർത്തിയാക്കിയ തീയതി മുതൽ (Date of Completion) ടാക്സ് അസസ്സ് ചെയ്ത് നൽകേണ്ടതുമാണ്. അപ്രകാരം ഈ കെട്ടിടത്തിന് 13.01.17 തീയതി മുതൽ ടാക്സ് അസസ്സ് ചെയ്ത് നൽകിയിട്ടുള്ളതായി കാണുന്നുവെന്നും ആയതിനാൽ ഇത് സംബന്ധിച്ച് കോർപ്പറേഷനോ സർക്കാരിനോ സാമ്പത്തിക നഷ്ടം വന്നിട്ടുള്ളതായി കാണുന്നില്ലെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

9. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൂന്ന് ദിവസത്തിനകം ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് നല്കണമെന്ന സർക്കാർ നിർദ്ദേശം സമയബന്ധിതമായി പാലിച്ച് ടി സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതിനാൽ തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയായ ശ്രീമതി.ദീപ എൽ. എസ്.- നെതിരായ അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡീഷണൽ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ശ്രീമതി. ദീപ എൽ. എസ്., സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ (ആർ.എ.) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.